പതിമൂന്നാം കേരള നിയമസഭ

പതിമൂന്നാം സമ്മേളനം

**ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി മാനദണ്ഡങ്ങൾ**

നക്ഷത്ര ചിഹ്നമിട്ട ചോദ്യം നമ്പർ: 278 — 23.03.2015 ൽ മറുപടിക്ക്

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. വി.ശശി<br>'' വി.എസ്.സുനിൽ കുമാർ<br>'' കെ.അജിത്<br>ശ്രീമതി.ഗീതാ ഗോപി | | ശ്രീ.കെ.സി.ജോസഫ്<br>(ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി) | |
| (എ) | ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിയുടെ നടത്തിപ്പിനായി കേന്ദ്ര സർക്കാർ പുതിയ മാനദണ്ഡങ്ങൾ പുറപ്പെടുവിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ അവ എന്തെല്ലാമാണെന്ന് വിശദമാക്കുമോ; | (എ) | മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി നടത്തിപ്പിനായി കേന്ദ്ര സർക്കാർ 03.01.2014 ൽ നിയമത്തിന്റെ പട്ടിക I, II എന്നിവ ഭേദഗതി ചെയ്തിട്ടുണ്ട്. ഇതിന്റെ സംഗ്രഹം അനുബന്ധമായി ചേർത്തിരിക്കുന്നു. |
| (ബി) | ആസൂത്രണ കമ്മീഷന്റെ കണക്ക് പ്രകാരം സംസ്ഥാനത്ത് എത്ര ബ്ലോക്കുകളെ പിന്നോക്ക ബ്ലോക്കുകളായി പ്രഖ്യാപിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കുമോ; | (ബി) | സംസ്ഥാനത്തെ 22 ബ്ലോക്കുകൾ പിന്നോക്ക ബ്ലോക്കുകളായി പ്രഖ്യാപിച്ചിട്ടുണ്ട്. |
| (സി) | ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി എല്ലാ ബ്ലോക്കുകളിലും നിലനിറുത്തുന്നതിന് എന്തു നടപടികൾ സ്വീകരിച്ചുവരുന്നുണ്ടെന്ന് വെളിപ്പെടുത്തുമോ? | (സി) | നടപ്പ് സാമ്പത്തിക വർഷം സംസ്ഥാനത്തെ എല്ലാ ബ്ലോക്കുകളിലും കേന്ദ്രസർക്കാർ അംഗീകരിച്ച ലേബർ ബഡ്ജറ്റിന്റെ അടിസ്ഥാനത്തിൽ തൊഴിലുറപ്പ് പദ്ധതി നിർവ്വഹണം നടന്ന് വരികയാണ്. കേന്ദ്ര ആസൂത്രണ കമ്മീഷന്റെ മാനദണ്ഡങ്ങൾ പ്രകാരം സംസ്ഥാനത്ത് കണ്ടെത്തിയിട്ടുള്ള 22 പിന്നോക്ക ബ്ലോക്കുകളുൾപ്പെടെ 50 ബ്ലോക്കുകളിൽ കേന്ദ്രസർക്കാർ നിർദ്ദേശിച്ച തീവ്രപങ്കാളിത്ത ആസൂത്രണ പ്രക്രിയയുടെ രീതി ശാസ്ത്രത്തിന്റെ അടിസ്ഥാനത്തിലും മറ്റ് 102 ബ്ലോക്കുകളിൽ 24.07.2013 ലെ 47159/ഡിഡി2/ 2013/തസ്വഭവ നമ്പർ സർക്കാർ സർക്കുലറിൽ നിർദ്ദേശിച്ചിരിക്കുന്ന പ്രകാരമുള്ള ആസൂത്രണ പ്രക്രിയ വഴിയും |

| | | | |
|---|---|---|---|
| | | | (അയൽ കൂട്ടതലം മുതൽ ജില്ലാപഞ്ചായത്ത് തലം വരെ ചർച്ച ചെയ്ത്) 2015-16 വർഷത്തെ ലേബർ ബഡ്ജറ്റും വാർഷിക കർമ്മപദ്ധ തിയും തയ്യാറാക്കുകയും 709 ലക്ഷം തൊഴിൽ ദിനങ്ങൾ 2015-16 സാമ്പത്തിക വർഷം സൃഷ്ടിക്കുന്നതിനുള്ള പ്രസ്തുത ലേബർ ബഡ്ജറ്റ് കേന്ദ്രസർക്കാരിന്റെ എംപവേർഡ് കമ്മിറ്റിയുടെ അംഗീകാരം ലഭ്യമാക്കുകയും ചെയ്തിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ

അനുബന്ധം

അവിദഗ്ദ്ധ കായിക ജോലി ചെയ്യാൻ സന്നദ്ധതയുള്ള ഒരു ഗ്രാമീണ കുടുംബത്തിന് ഒരു സാമ്പത്തിക വർഷം 100 പ്രവൃത്തി ദിനങ്ങൾ ആവശ്യാധിഷ്ഠിതമായി നൽകുകയെന്നുള്ളതാണ് തൊഴിലുറപ്പ് പദ്ധതിയുടെ ലക്ഷ്യം. തൊഴിൽ നൽകുന്നതോടൊപ്പം തന്നെ ഈടുറ്റ ഉല്പാദനക്ഷമമായ വ്യക്തിഗത/സാമൂഹ്യ ആസ്തികൾ സൃഷ്ടിയ്ക്കുകയെന്നുള്ളതും പദ്ധതിയുടെ കാതലായ ലക്ഷ്യമാണ്. ഇതിലേക്കായി, മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് നിയമം പട്ടിക I,II എന്നിവ ഭേദഗതി ചെയ്തിട്ടുള്ളതും അതിലെ പ്രധാനപ്പെട്ടതും പുതുതായി ഉൾച്ചേർത്തതുമായ വിഷയങ്ങൾ ചുവടെ ചേർക്കുന്നു. പദ്ധതിയിൽ ഏറ്റെടുക്കാവുന്ന പ്രവൃത്തികൾ ഇപ്രകാരമാണ്.

I. <u>വിഭാഗം എ</u> : പ്രകൃതി വിഭവ പരിപാലനവുമായി ബന്ധപ്പെട്ട പൊതു പ്രവൃത്തികൾ

  i. കുടിവെള്ള സ്രോതസ്സുകൾ ഉൾപ്പെടെയുള്ള ഭൂഗർഭജല വിതാനം ഉയർത്തുന്നതിന് ആവശ്യമായ അടിയണകൾ (under ground dykes), മൺതടയണകൾ, അണകൾ (സ്റ്റോപ്പ്ഡാം), ചെക്ക്ഡാമുകൾ തുടങ്ങിയ ജലസംരക്ഷണത്തിനും ജലകൊയ്ത്തിനും സഹായകരമായ നിർമ്മിതികൾ;

  ii. ഒരു നീർത്തടത്തിന്റെ സമഗ്ര പരിപാലനത്തിന് ഉതകുന്ന ഇടപെടലുകളായ കോണ്ടൂർട്രഞ്ചുകൾ, തട്ട്തിരിക്കൽ (terracing), കോണ്ടൂർബണ്ടുകൾ, കൽത്തടയണകൾ, ഗ്യാബിയോൺ നിർമ്മിതികൾ, നീരുറവ പ്രദേശത്തിന്റെ പരിപോഷണം തുടങ്ങിയ നീർത്തട പരിപാലന പ്രവൃത്തികൾ ;

  iii. സൂക്ഷ്മ-ചെറുകിട ജലസേചന പ്രവൃത്തികളും തോടുകൾ/ കനാൽ എന്നിവയുടെ നിർമ്മാണം, പുനരുദ്ധാരണം, മെയിന്റനൻസ് എന്നി പ്രവൃത്തികളും ;

  iv. ജലസേചന കുളങ്ങളുടേയും മറ്റ് ജലസ്രോതസ്സുകളുടേയും ആഴം കൂട്ടൽ <u>ഉൾപ്പെടെയുള്ള</u> പരമ്പരാഗത ജലസ്രോതസ്സുകളുടെ പുനരുദ്ധാരണവും;

  v. കടലോരങ്ങളിലും കുളങ്ങളുടെ അരികിലും കനാൽ ബണ്ടുകളിലും റോഡുകളുടെ ഓരത്തിലും, വനഭൂമിയിലും, മറ്റ് പൊതുഭൂമിയിലും ഫലവൃക്ഷങ്ങൾ <u>അടക്കമുള്ള</u> മരം വച്ച് പിടിപ്പിക്കലും വനവത്കരണവും, ഇവയിൽ നിന്നും ലഭിക്കുന്ന ആദായത്തിന്റെ അവകാശം ഖണ്ഡിക 5 ൽ പ്രതിപാദിക്കുന്ന കുടുംബങ്ങൾക്ക് നൽകേണ്ടതാണ്;

  vi. പൊതു ഭൂമിയിലെ ഭൂവികസന പ്രവൃത്തികളും.

II. <u>വിഭാഗം ബി: സമൂഹത്തിൽ അവശത അനുഭവിക്കുന്ന വിഭാഗങ്ങൾക്കുള്ള</u> വ്യക്തിഗത ആസ്തികൾ (ഖണ്ഡിക 5 ൽ പരാമർശിക്കുന്ന കുടുംബങ്ങൾക്ക് മാത്രം)

  i) ഖണ്ഡിക 5 ൽ പരാമർശിക്കുന്ന കുടുംബങ്ങൾക്ക് ഭൂമിയുടെ ഉല്പാദനക്ഷമത വർദ്ധിപ്പിക്കുന്നതിനായി ഭൂവികസനവും, കിണറുകൾ (Dugg well), കുളങ്ങൾ (farm ponds), മറ്റ് ജലകൊയ്ത്ത് നിർമ്മിതികൾ

[illegible] ഉൾപ്പെടെയുള്ള ജലസേചനത്തിനാവശ്യമായ [illegible] സൗകര്യങ്ങൾ ലഭ്യമാക്കൽ;

ii) പഴകൃഷി, പട്ടുനൂൽകൃഷി, തോട്ടവിളകൃഷി, ഫാംഫോറസ്ട്രി എന്നിവയിലൂടെ ആജീവനം മെച്ചപ്പെടുത്തൽ;

iii) ഖണ്ഡിക 5 ൽ സൂചിപ്പിക്കുന്ന കുടുംബങ്ങളുടെ തരിശ് ഭൂമി/ പാഴ്ഭൂമി (fallow or waste land) വികസിപ്പിച്ച് കൃഷിക്ക് അനുയോജ്യമാക്കൽ;

iv) ഇന്ദിരാ ആവാസ് യോജന പ്രകാരമോ, കേന്ദ്ര/സംസ്ഥാന സർക്കാരുകൾ ആവിഷ്ക്കരിക്കുന്ന മറ്റ് ഭവന നിർമ്മാണ പദ്ധതികൾ പ്രകാരമോ ഏറ്റെടുക്കുന്ന ഭവന നിർമ്മാണത്തിലെ അവിദഗ്ദ്ധ കായിക തൊഴിൽ ഘടകം;

v) മൃഗപരിപാലനം പ്രോത്സാഹിപ്പിക്കുന്നതിനുള്ള അടിസ്ഥാന സൗകര്യങ്ങളായ കോഴിക്കൂട്, ആട്ടിൻ കൂട്, പന്നി കൂട്, തൊഴുത്ത്, പുൽത്തൊട്ടി എന്നിവയുടെ നിർമ്മാണവും;

vi) മത്സ്യബന്ധന പ്രവർത്തനങ്ങൾ പ്രോത്സാഹിപ്പിക്കുന്നതിന് ഉതകുന്ന അടിസ്ഥാന സൗകര്യങ്ങളായ മത്സ്യം ഉണക്കുന്ന കേന്ദ്രങ്ങൾ, മത്സ്യം സൂക്ഷിക്കുന്ന കേന്ദ്രങ്ങൾ എന്നിവ നിർമ്മിക്കലും വർഷകാലത്ത് മാത്രം വെള്ളം ഉണ്ടാകുന്ന പൊതുകുളങ്ങളിൽ (Seasonal water bodies on public land) മത്സ്യം വളർത്തുന്നതിന് അടിസ്ഥാന സൗകര്യങ്ങൾ ഒരുക്കലും;

III. <u>വിഭാഗം സി</u> : ദേശീയ ഗ്രാമീണ ഉപജീവന മിഷന്റെ നിബന്ധനകൾ അനുസരിക്കുന്ന സ്വയംസഹായ സംഘങ്ങൾക്ക് പൊതു അടിസ്ഥാന സൗകര്യങ്ങൾ

i. കാർഷികോത്പന്നങ്ങളുടെ ഈടുറ്റ സംഭരണ സൗകര്യം ഉൾപ്പെടെയുള്ള വിളവെടുപ്പിന് ശേഷം ആവശ്യമായി വരുന്ന സൗകര്യങ്ങൾ (Post harvest facilities), ജൈവവളം എന്നിവയ്ക്ക് ആവശ്യമായ സ്ഥായിയായ അടിസ്ഥാന സൗകര്യങ്ങൾ സൃഷ്ടിക്കുക വഴി കാർഷികോത്പാദനക്ഷമത വർദ്ധിപ്പിക്കുന്നതിനുള്ള പ്രവൃത്തികളും;

ii. സ്വയം സഹായ സംഘങ്ങളുടെ ഉപജീവന പ്രവർത്തനങ്ങൾക്ക് ആവശ്യമായ പൊതുവർക്ക് ഷെഡ്ഡുകളുടെ നിർമ്മാണവും.

IV. <u>വിഭാഗം ഡി</u> : ഗ്രാമീണ അടിസ്ഥാന സൗകര്യങ്ങൾ

i. നിർദ്ദേശിക്കപ്പെട്ട മാനദണ്ഡങ്ങൾക്ക് അനുസൃതമായി ഖര-ദ്രവ മാലിന്യ സംസ്കരണത്തിനും തുറസ്സായ മലമൂത്ര വിസർജ്ജനം ഇല്ലാതാക്കുന്നതിനും വേണ്ടി സ്വതന്ത്രമായോ സർക്കാർ വകുപ്പുകളുടെ ഇതര പദ്ധതികളുമായി സംയോജിപ്പിച്ച് കൊണ്ടോ വ്യക്തിഗത കക്കൂസുകൾ, സ്കൂൾ ടോയ്‌ലറ്റുകൾ, അങ്കണവാടി ടോയ്‌ലറ്റുകൾ തുടങ്ങിയ ഗ്രാമീണ ശുചിത്വവുമായി ബന്ധപ്പെട്ട പ്രവൃത്തികൾ;

ii. ഒറ്റപ്പെട്ട് കിടക്കുന്ന ഗ്രാമങ്ങളെയും, നിർദ്ദിഷ്ട ഗ്രാമീണ ഉല്പാദന കേന്ദ്രങ്ങളെയും നിലവിലുള്ള റോഡ് ശൃംഖലയുമായി ബന്ധിപ്പിക്കുന്നതിനുള്ള, എല്ലാ കാലാവസ്ഥയിലും ഉപയോഗിക്കാൻ പറ്റുന്ന ഗ്രാമീണ റോഡുകളുടെ നിർമ്മാണവും, ഓടകൾ, കലുങ്കുകൾ എന്നിവ ഉൾപ്പെടെയുള്ള ഗ്രാമത്തിലെ ഈടുറ്റ ഉൾറോഡുകളുടെയും വീഥികളുടെയും നിർമ്മാണവും;

iii. കളിസ്ഥലങ്ങളുടെ നിർമ്മാണവും;

iv. വെള്ളപ്പൊക്ക നിയന്ത്രണ സംരക്ഷണ പ്രവൃത്തികൾ, വെള്ളക്കെട്ട് ഒഴിവാക്കുന്നതിനുള്ള ജലനിർഗ്ഗമന പ്രവൃത്തികൾ, മഴവെള്ളം കെട്ടി നിൽക്കുന്ന താഴ്ന്ന പൊതുസ്ഥലങ്ങളുടെ മെച്ചപ്പെടുത്തൽ (chaur

renovation), തീരപ്രദേശങ്ങളുടെ സംരക്ഷണത്തിനുള്ള സ്റ്റോം വാട്ടർ ഡ്രെയിനുകൾ, എന്നിവ ഉൾപ്പെടെയുള്ള പൊതു അടിസ്ഥാന സൗകര്യങ്ങൾ, റോഡുകളുടെ പുനഃരുദ്ധാരണം, ദുരന്തപ്രതിരോധ തയ്യാറെടുപ്പുകൾ മെച്ചപ്പെടുത്തുന്നതിനുള്ള പ്രവൃത്തികളും;

v. ഗ്രാമപഞ്ചായത്തുകൾ, വനിതാ സ്വയം സഹായ സംഘങ്ങളുടെ ഫെഡറേഷനുകൾ, കൊടുങ്കാറ്റ് ബാധിതർക്കുള്ള അഭയകേന്ദ്രങ്ങൾ (സൈക്ലോൺ ഷെൽറ്റർ), അങ്കണവാടികേന്ദ്രങ്ങൾ, ഗ്രാമീണ ചന്തകൾ എന്നിവയ്ക്കാവശ്യമുള്ള കെട്ടിടങ്ങളുടെ നിർമ്മാണവും, ഗ്രാമ/ബ്ലോക്ക്തല ക്രിമിറ്റോറിയങ്ങളുടെ നിർമ്മാണവും;

vi. ദേശീയ ഭക്ഷ്യസുരക്ഷാനിയമം 2013 (20/2013) ലെ വ്യവസ്ഥകൾ നടപ്പിലാക്കുന്നതിന് ആവശ്യമായി വരുന്ന ഭക്ഷ്യധാന്യ സംഭരണികളുടെ നിർമ്മാണവും;

vii. മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് നിയമ പ്രകാരം ഏറ്റെടുക്കുന്ന നിർമ്മാണ പ്രവൃത്തികളുടെ എസ്റ്റിമേറ്റിന്റെ ഭാഗമായി വരുന്ന നിർമ്മാണ സാമഗ്രികളുടെ ഉല്പാദനവും;

viii. മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് നിയമ പ്രകാരം സൃഷ്ടിക്കപ്പെട്ട ഗ്രാമീണ പൊതു ആസ്തികളുടെ അറ്റകുറ്റപണികളും;

പ്രകടമല്ലാത്തതും, അളന്നുതിട്ടപ്പെടുത്താൻ കഴിയാത്തതുമായ പ്രവൃത്തികളും, പുല്ല് നീക്കം ചെയ്യൽ, കല്ല് നീക്കം ചെയ്യൽ, കാർഷിക പ്രവൃത്തികൾ മുതലായ ആവർത്തന സ്വഭാവമുള്ള പ്രവൃത്തികളും ഈ പദ്ധതിയിൽ ഏറ്റെടുക്കാൻ പാടില്ലാത്തതാണ്.

വ്യക്തിഗത ആസ്തികൾ സൃഷ്ടിക്കുന്ന പ്രവൃത്തികളുടെ മുൻഗണന തീരുമാനിക്കുമ്പോൾ ചുവടെ സൂചിപ്പിക്കുന്ന വിഭാഗങ്ങൾക്ക് മുൻഗണന നൽകേണ്ടതാണ്.

(എ). പട്ടികജാതി

(ബി). പട്ടികവർഗ്ഗം

(സി). നാടോടികളായ ആദിവാസികൾ

(ഡി). ഡീനോട്ടിഫൈഡ് ആദിവാസികൾ

(ഇ). ദാരിദ്ര്യ രേഖയ്ക്ക് താഴെയുള്ള മറ്റു കുടുംബങ്ങൾ

(എഫ്) സ്ത്രീകൾ ഗൃഹനാഥകളായ കുടുംബങ്ങൾ

(ജി) ശാരീരിക വൈകല്യമുള്ളവർ ഗൃഹനാഥരായിട്ടുള്ള കുടുംബങ്ങൾ

(എച്ച്). ഭൂപരിഷ്കരണത്തിന്റെ ഗുണഭോക്താക്കൾ

(ഐ). ഇന്ദിരാ ആവാസ് പദ്ധതിയുടെ ഗുണഭോക്താക്കൾ

(ജെ). 2006 ലെ പട്ടികവർഗ്ഗങ്ങളും ഇതര പരമ്പരാഗത വനവാസികളും (വനാവകാശമംഗീകരിക്കൽ) നിയമത്തിന്റെ (2007 ലെ 2) ഗുണഭോക്താക്കളും,

മുകളിൽ സൂചിപ്പിച്ച വിഭാഗങ്ങളിലെ അർഹരായ എല്ലാ ഗുണഭോക്താക്കളുടെ ഭൂമിയിലും വീട്ടുവളപ്പിലും ഏറ്റെടുക്കേണ്ട എല്ലാ പ്രവൃത്തികളും പൂർണ്ണമായി ഏറ്റെടുത്ത് പൂർത്തീകരിച്ചതിന് ശേഷം മാത്രമേ 2008 ലെ കാർഷിക കടാശ്വാസ പദ്ധതി

പ്രകാരം നിർവ്വചിക്കപ്പെട്ടിട്ടുള്ള ചെറുകിട/നാമമാത്ര കർഷകരുടെ ഭൂമിയിൽ ഇടപെടാൻ പാടുള്ളൂ. മേൽപ്പറഞ്ഞ എല്ലാ വിഭാഗം കുടുംബങ്ങളും തൊഴിൽ കാർഡ് എടുക്കേണ്ടതും പ്രസ്തുത കുടുംബത്തിലെ കുറഞ്ഞത് ഒരു അംഗമെങ്കിലും സ്വന്തം ഭൂമിയിൽ/വീട്ടുവളപ്പിൽ പ്രവൃത്തിയിലേർപ്പെടാൻ സന്നദ്ധരാകേണ്ടതുമാണ്.

നിയമത്തിൽ നിർദ്ദേശിക്കപ്പെട്ടിട്ടുള്ള സമയപരിധിക്കുള്ളിൽ ആവശ്യകത അനുസരിച്ച് തൊഴിൽ നൽകാൻ കഴിയാതെ വന്നാൽ കമ്പ്യൂട്ടർ സംവിധാനം വഴിയോ മാനേജ്മെന്റ് ഇൻഫർമേഷൻ സിസ്റ്റം വഴിയോ കണക്കാക്കുന്നതും നിയമത്തിൽ അനുശാസിക്കുന്ന പ്രകാരമുള്ളതുമായ തൊഴിലില്ലായ്മാ വേതനം നൽകേണ്ടതാണ്.

ഈ നിയമം അനുശാസിക്കുന്ന തൊഴിലാളികളുടെ അവകാശങ്ങളുടെ ലഭ്യത ഉറപ്പാക്കുന്നതിനും, അവരുടെ പങ്കാളിത്തം നിർവ്വഹണത്തിൽ മെച്ചപ്പെടുത്തുന്നതിനും സംസ്ഥാന സർക്കാർ സ്വന്തം സംവിധാനങ്ങൾ വഴിയോ, അല്ലെങ്കിൽ, സാമൂഹ്യ സംഘടനകൾ മുഖാന്തിരമോ തൊഴിലാളികളുടെ ഔപചാരിക ഗ്രൂപ്പുകൾ, തൊഴിൽ കൂട്ടായ്മകൾ (labour collectives) സംഘടിപ്പിക്കുന്നതിന് നടപടികൾ സ്വീകരിക്കേണ്ടതാണ്.

തൊഴിൽ അന്വേഷിക്കുന്ന വ്യക്തി ഒറ്റയ്ക്ക് താമസിക്കുന്ന സ്ത്രീയോ, ഭിന്നശേഷിയുള്ളയാളോ, മുതിർന്ന വ്യക്തിയോ, ബന്ധിത തൊഴിൽ സമ്പ്രദായത്തിൽ നിന്ന് വിമോചിക്കപ്പെട്ട തൊഴിലാളിയോ (released bonded labour) പ്രാക്തന ദുർബല ഗോത്ര വിഭാഗത്തിൽപ്പെട്ടവരോ ആണെങ്കിൽ അവർക്ക് ജോലി നൽകുന്നതിലും, ജോലിയുടെ മൂല്യനിർണ്ണയത്തിലും, പണിസ്ഥലത്തെ സൗകര്യങ്ങളിലും, ഏതിലായിരുന്നാലും, പ്രത്യേക സംരക്ഷണം ഉറപ്പ് വരുത്തുന്നതിനുവേണ്ടി ഒരു പ്രത്യേക നിറമുള്ള സ്പെഷ്യൽ തൊഴിൽ കാർഡ് നൽകേണ്ടതാണ്.

മസ്റ്റർറോൾ പൂർത്തീകരിച്ച തീയതി മുതൽ 15 ദിവസത്തിനുള്ളിൽ അർഹതപ്പെട്ട വേതനം നൽകിയില്ലെങ്കിൽ, വേതനം നൽകുന്നതിലെ കാലതാമസത്തിനുള്ള നഷ്ടപരിഹാരത്തിന് തൊഴിലാളികൾക്ക് അർഹതയുണ്ടായിരിക്കുന്നതാണ്. മസ്റ്റർറോൾ പൂർത്തീകരിച്ച് 16-ാം ദിവസത്തിനുമേൽ കാലതാമസമുണ്ടാകുന്ന ഓരോ ദിവസത്തിനും, നൽകാത്ത വേതനത്തിന്റെ 0.05 % നിരക്കിൽ നഷ്ടപരിഹാരം ലഭിക്കുന്നതിന് അവകാശം ഉണ്ടായിരിക്കും